സാധനങ്ങളുടെ വിലക്കയറ്റം

*൯൯൩. (൨൩) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ജീവസന്ധാരണത്തിനാവശ്യമായ സാധനസാമഗ്രികൾക്ക സീമാതീതമായി വില വർദ്ധിച്ചുവരുന്നതുനിമിത്തം സാമാന്യജനങ്ങൾ വളരെ കഷ്ടപ്പെടുന്നുണ്ടെന്നുള്ള സംഗതി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) നിത്യോപയോഗസാധനങ്ങളുടെ കുതിച്ചുകയറുന്ന വിലയെ തടയുവാൻ എന്തെങ്കിലും പദ്ധതി ഗവൺമെണ്ടു് ആസൂത്രണംചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ചില സാധനങ്ങളുടെ വില വർദ്ധിച്ചു എന്നു ഗവൺമെണ്ടിനറിയാം. അതുകൊണ്ടു സാമാന്യജനങ്ങൾക്ക ബുദ്ധിമുട്ടുണ്ടായിട്ടുണ്ടു്.

(ബി) നിത്യോപയോഗസാധനങ്ങളുടെ വിലയെ തടയാൻ ചില പദ്ധതികൾ ഗവൺമെണ്ടിനുണ്ടു്. തൽമൂലം അടുത്തകാലത്തു് അവയുടെ വില സാമാന്യമായി കുറഞ്ഞുവരുന്നുണ്ടു്.

ശ്രീ. അലക്സാണ്ടർ വാകയിൽ: അഞ്ചാറുദിവസമായി മല്ലിയുടെ വില കൂടിവരുന്നതായി ഗവൺമെണ്ടിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിഞ്ഞുകൂടാ.

ശ്രീ. അലക്സാണ്ടർ വാകയിൽ: സാധനങ്ങൾ വിലകൂട്ടി വിറ്റതു സംബന്ധിച്ചു് ഏതെങ്കിലും കേസുകൾ ഉണ്ടായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയുള്ള ധാരാളം കേസുകൾ പിടിച്ചെടുത്തിട്ടുണ്ടു്.

Sri. K. Ramachandran: Sir, may I know whether Government have made any arrangements for preparing a cost of living index in the State?

Sri. Panampilli Govinda Menon: Such an index is being prepared at Trichur; but it is not being published for some of the cities of the Travancore area.

Sri. K. Ramachandran: Will the Government consider the feasibility of introducing this system in all Municipalities of the State?

Sri. Panampilli Govinda Menon: Yes.

Sri. P. Balakrishnan Tampi: Sir, may I point out that if the price of chillies is reduced this Government would become very popular with the housewives?

Mr. Speaker: That is not a question, but ony information sought to be made available to Government on the basis of some inferences made by the member.

തിരുമുപ്പം ടാങ്കു്

*൯൯൪. (൨൭) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പറവൂർ താലൂക്കിൽ ക്ഷനമ്മാവുങ്കലുള്ള തിരുമുപ്പം ടാങ്കു് നന്നാക്കണമെന്നു്, പ്രസ്തുത താലൂക്കിനെ പ്രതിനിധീകരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർമാർ നിയമസഭാചോദ്യങ്ങൾ വഴിയായും നിവേദനങ്ങൾ മുഖേനയും ഗവൺമെണ്ടിനോടാവശ്യപ്പെട്ടതായി ഓർക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly